(ബി) ഏഴു കുടുംബകോടതികൾ

(സി) എല്ലാ ജില്ലകളിലും ഓരോ കുടുംബകോടതി സ്ഥാപിക്കേണ്ട തായിട്ടുണ്ട്.

(ഡി) കുടുംബകോടതിയുടെ പ്രവർത്തനം ജഡ്ജിമാരുടെ സമിതി പരിശോധിച്ച് കേസ്സുകൾ വേഗം തീർപ്പാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

21 (*316) വിഷചികിൽസാ കേന്ദ്രങ്ങൾ

ശ്രീ. പി. രാജു :
ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ആശുപത്രികളോടനുബന്ധിച്ച് വിഷചികിത്സാ കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഏതെല്ലാം ആശുപത്രികളോടനുബന്ധിച്ച് ഇവ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്; ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട്;

(സി) പ്രധാനപ്പെട്ട എല്ലാ ആശുപത്രികളോട് അനുബന്ധിച്ചും വിഷചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്):

(എ) എല്ലാ മെഡിക്കൽ കോളേജുകളിലേയും മെഡിസിൻ വിഭാഗത്തിന്റെ കീഴിൽ വിഷചികിത്സാ സൗകര്യങ്ങളുണ്ട്. സംസ്ഥാനത്തെ ഇരുപത്തിരണ്ട് ആയുർവേദ ആശുപത്രികളോടനുബന്ധിച്ച് വിഷചികിത്സാ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ വിഷചികിത്സക്കായി പ്രത്യേക ആറ് ആയുർവേദ ഡിസ്പെൻസറികളുമുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരുവിഷചികിൽസാ കേന്ദ്രം(പോയിസൺ സെന്റർ) ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി നടപ്പ് സാമ്പത്തികവർഷം ഇരുപത്തിയഞ്ച് ലക്ഷം രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ധനലഭ്യത അനുബന്ധിച്ചു മാത്രമേ കൂടുതൽ വിഷചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

22 (*317) ക്ഷേത്രജീവനക്കാരുടെ വർഷാശനം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണത്തെ തുടർന്ന് ക്ഷേത്രഭൂമികൾ സർക്കാർ അധീനതയിൽ വന്നപ്പോൾ നിത്യനിദാന ചെലവുകൾക്കായി ക്ഷേത്രജീവനക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly